**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 232** **10-06-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജായി ഉയർത്തിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജായി ഉയർത്തിയതിനെത്തുടർന്ന് ജില്ലാ ആശുപത്രിയുടെ സേവനം ലഭ്യമല്ലാതായത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ജില്ലാ ആശുപത്രി മാനന്തവാടിയെ വയനാട് സർക്കാർ മെഡിക്കൽ കോളേജായി ഉയർത്തിയതിന് ശേഷവും ജില്ലാ ആശുപത്രിയിൽ ലഭിച്ചുകൊണ്ടിരുന്ന എല്ലാ സേവനവും നൽകിവരുന്നുണ്ട്. പ്രസ്തുത ആശുപത്രിയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിയമിച്ച ഡോക്ടർമാരുടെയും സേവനം ലഭ്യമാണ്. അപ്രകാരം ജില്ലാ ആശുപത്രിയിൽ നിന്നും നൽകാൻ കഴിഞ്ഞതിലധികം മെച്ചപ്പെട്ട ചികിത്സയും സേവനവും വയനാട് മെഡിക്കൽ കോളേജിൽ നിന്നും നിലവിൽ നൽകാൻ സാധിക്കുന്നുണ്ട്. ഇവിടെ കാർഡിയോളജി സംബന്ധമായ ചികിത്സയ്ക്ക് കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വയനാട് മെഡിക്കൽ കോളേജിൽ ക്രിട്ടിക്കൽ കെയർ, എമർജൻസി സംവിധാനം തുടങ്ങിയവ ഒരുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ വയനാട് മെഡിക്കൽ കോളേജിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആയത് പൂർണ്ണതോതിലുള്ള ഒരു മെഡിക്കൽ കോളേജായി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.** |
| (ബി) | അടിസ്ഥാന സൗകര്യങ്ങളുള്ള സുൽത്താൻബത്തേരി താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | **ഇത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.** |

സെക്ഷൻ ഓഫീസർ